©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ
## FIFTEENTH KERALA LEGISLATIVE ASSEMBLY

# സബ്ജക്ട് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ)

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]**

2023 ആഗസ്റ്റ് 8-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത്**

**റിപ്പോർട്ട് (2022-23)-ലെ ശിപാർശകളിന്മേലുള്ള**

**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച

ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

798/2023.

ഉള്ളടക്കം


| | | പേജ് |
| --- | --- | --- |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## (2021-2023)

**ഘടന**

<u>ചെയർമാൻ</u>

ശ്രീ. കെ. എൻ. ബാലഗോപാൽ,

ധനകാര്യ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

ശ്രീ. എം. ബി. രാജേഷ്

തദ്ദേശസ്വയംഭരണം - എക്സൈസ് വകുപ്പുമന്ത്രി.

ശ്രീ. വി. എൻ. വാസവൻ,

സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>

ശ്രീ. കെ. ബാബു *(തൃപ്പൂണിത്തുറ)*

ഡോ. കെ. ടി. ജലീൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VIII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23) 27-6-2022-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും നാളിതുവരെ ലഭിച്ച നടപടിപത്രികകൾ 17-5-2023, 26-7-2023 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി അംഗീകരിച്ചു.

രണ്ട് അദ്ധ്യായങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ അദ്ധ്യായം I-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)-ലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അദ്ധ്യായം II-ൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

2023 ജൂലൈ 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. എൻ. ബാലഗോപാൽ,

*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2023 ആഗസ്റ്റ് 8.

## റിപ്പോർട്ട്

അദ്ധ്യായം - I

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളും

### ധനാഭ്യർത്ഥന നം. VII— മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

നികുതി വകുപ്പ്

ശിപാർശ (ഖണ്ഡിക നമ്പർ 2)

2030-01-101-99 — മുദ്രപ്പത്രങ്ങൾ ജുഡീഷ്യൽ - സ്റ്റാമ്പിന്റെ വില

ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ അച്ചടിച്ച വകയിൽ നാസിക് പ്രസ്സിന് നൽകാനുള്ള കുടിശ്ശിക തുകയും 2020-21, 2021-22 കാലയളവിലെ ഇൻഡന്റ് പ്രകാരം ഹൈദരാബാദ് പ്രസ്സിൽ അച്ചടി പൂർത്തിയാക്കിയ മുദ്രപ്പത്രങ്ങൾ കൈപ്പറ്റുന്നതിനുള്ള തുകയും വേണ്ടി വരുമെന്നുള്ളതിനാൽ മേൽ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായി വരും. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

2030-01-101-99-00-00-00-N-V എന്ന ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന മുഖാന്തരം 3,73,00,000 രൂപ (മൂന്ന് കോടി എഴുപത്തി മൂന്ന് ലക്ഷം രൂപ) ബഡ്ജറ്റിൽ വകയിരുത്തി ലഭിക്കുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ(ഖണ്ഡിക നമ്പർ 3)

2030-02-101-99—മുദ്രപ്പത്രങ്ങൾ നോൺ ജുഡീഷ്യൽ - സ്റ്റാമ്പിന്റെ വില

നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ അച്ചടിച്ച വകയിൽ നാസിക് പ്രസ്സിന് നൽകാനുള്ള കുടിശ്ശിക തുകയും 2020-21, 2021-22 കാലയളവിലെ ഇൻഡന്റ് പ്രകാരം ഹൈദരാബാദ് പ്രസ്സിൽ അച്ചടി പൂർത്തിയാക്കിയ മുദ്രപ്പത്രങ്ങൾ കൈപ്പറ്റുന്നതിനുള്ള തുകയും മേൽ ശീർഷകത്തിൽ വകയിരുത്തേണ്ടതാണെങ്കിലും നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം തികച്ചും അപര്യാപ്തമാണ്. ആകയാൽ അധികമായി 26.1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

798/2023.

സ്വീകരിച്ച നടപടി

2030-01-101-99-00-00-00-N-V എന്ന ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന മുഖാന്തരം 28,92,00,000 രൂപ (ഇരുപത്തിയെട്ടു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷം രൂപ) ബഡ്ജറ്റിൽ വകയിരുത്തി ലഭിക്കുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 4)

2030-02-102-99—മുദ്രപ്പത്ര വില്പന ചെലവുകൾ

നോൺ ജുഡീഷ്യൽ മുദ്രപ്പത്ര വില്പനക്ക് അനുസരിച്ച് സ്റ്റാമ്പ് വെണ്ടർമാർക്ക് ഡിസ്കൗണ്ട് നൽകേണ്ടതിനാലും 2022-23 സാമ്പത്തിക വർഷത്തിൽ ഭൂമിയുടെ ന്യായവില 10% വർദ്ധിച്ചതിനാലും മുൻ സാമ്പത്തിക വർഷത്തെപോലെ തന്നെ മുദ്രപ്പത്ര വില്പന പ്രതീക്ഷിക്കുന്നതിനാലും മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2030-02-102-99-ശീർഷകത്തിൽ ബജറ്റ് വിഹിതമായ 31 കോടി രൂപയ്ക്ക് പുറമേ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 5)

2030-03-001-99-45—ഭരണം - പി.ഒ.എൽ

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലെ 4 വാഹനങ്ങളുടെ ഇന്ധനം ഇനത്തിലെ ചെലവിനായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി 75000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസിലെ വാഹനങ്ങളുടെ ഇന്ധന ചെലവിനായി 55,000 രൂപ ധനപുനഃവിനിയോഗം വഴി ലഭ്യമാക്കി ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 6)

2030-03-001-96-45—ജില്ലാ ഓഫീസുകൾ- പി.ഒ.എൽ

പതിനാല് ജില്ലാ രജിസ്ട്രാർ ജനറൽ ഓഫീസുകളിലെ വാഹനങ്ങളുടെ ഇന്ധനം ഇനത്തിലെ ചെലവിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജില്ലാ രജിസ്ട്രാർ ജനറൽ ഓഫീസുകളുടെ വാഹനങ്ങളുടെ ഇന്ധന ഇനത്തിലെ ചെലവിനായി 2 പ്രാവശ്യമായി ഓരോ ലക്ഷം രൂപ (ആകെ 2 ലക്ഷം രൂപ ) ധനപുനഃവിനിയോഗം വഴി ലഭ്യമാക്കി ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 7)

2030-03-001-95-06—സബ്രജിസ്ട്രി ഓഫീസുകൾ - വാടക, കരം, നികുതി

സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടകയിനത്തിൽ പ്രതിമാസം 10 ലക്ഷം രൂപ ചെലവ് വരുന്നതിനാലും 2021-22 സാമ്പത്തിക വർഷത്തെ വാടക കുടിശ്ശികയായി 1.2 കോടി രൂപ നൽകാനുള്ളതിനാലും മേൽ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ അധികമായി 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ വാടകയിനത്തിൽ വൻതുക കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കുടിശ്ശിക പൂർണ്ണമായും തീർപ്പാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടക കുടിശ്ശിക തീർക്കുന്നതിനായി 97.99 ലക്ഷം രൂപ അധികമായി ലഭ്യമാക്കി ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 8)

2030-03-001-95-34-3—മറ്റു ചെലവുകൾ- മറ്റിനം

നിലവിലെ കുടിശ്ശികകൾ തീർപ്പാക്കുന്നതിനും കിഫ്ബി പ്രകാരം പണികഴിപ്പിച്ച സബ്രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ ഷിഫ്റ്റിംഗ് ചാർജ്, ഉദ്ഘാടന ചെലവുകൾ എന്നിവയുൾപ്പെടെ നടപ്പുസാമ്പത്തിക വർഷം ഉണ്ടാകാൻ സാധ്യതയുള്ള ചെലവുകൾക്കുമായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ അധികമായി 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2030-03-001-95-34-3 ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന് പുറമേ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 9)

2030-03-001-95-67—പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ

സംസ്ഥാനത്തെ വിവിധ സബ്‍രജിസ്ട്രാർ ഓഫീസുകളിൽ 2020-21 സാമ്പത്തിക വർഷം പൊതുജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിന് പൊതുമരാമത്ത് വകുപ്പിന് നൽകേണ്ട കുടിശ്ശിക തുകയും നടപ്പ് സാമ്പത്തിക വർഷത്തേക്ക് ടി ഇനത്തിലുള്ള എസ്റ്റിമേറ്റ് തുകയും ടി ശീർഷകത്തിൽ ആവശ്യമായി വരുമെന്നതിനാൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 79 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ് രജിസ്ട്രാർ ഓഫീസുകളിൽ പൊതുജനങ്ങളുടെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന് കുടിശ്ശിക ഇല്ല. 2022-23 വർഷത്തിൽ കൃത്യമായ പദ്ധതി തയ്യാറാകാത്തതിനാൽ ഫണ്ട് ആവശ്യമായി വന്നില്ല.

[സർക്കാർ കത്ത് നമ്പർ ജെ3/255/2022-നി.വ. തീയതി 4-7-2023, 2 മുതൽ 9 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി(ജെ) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 26-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

## ധനാഭ്യർത്ഥന നം. VIII- എക്സൈസ്

ശിപാർശ (ഖണ്ഡിക നമ്പർ 10)

2039-00-001-99-01-4 —മേൽനോട്ടം - ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ്

എക്സൈസ് ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക മാറി നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2023- വരെ 15.83 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. മെഡിസെപ്പ് നിലവിൽ വന്നതിനാൽ അധിക തുക ആവശ്യമായി വരാത്ത സാഹചര്യത്തിൽ സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 11)

2039-00-001-99-04-2 —യാത്രാ ചെലവുകൾ - സ്ഥലംമാറ്റ ബത്ത

എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിന് മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴിവകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2023- വരെ 1.82 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. മീറ്റിംഗുകളും മറ്റും ഓൺലൈൻ മുഖേന നടക്കുന്നതിനാൽ അധിക തുക ആവശ്യമായി വരാത്ത സാഹചര്യത്തിൽ സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 12)

2039-00-001-99-05-1 —ഓഫീസ് ചെലവുകൾ - വെള്ളക്കരം

പുതിയ ഓഫീസുകൾ അനുവദിച്ച സാഹചര്യത്തിൽ വെള്ളക്കരം പൂർണ്ണമായും അടച്ച് തീർക്കാൻ നിലവിലെ വിഹിതം അപര്യാപ്തമാകയാൽ, മേൽ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2023-വരെ 4.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. 20-3-2023-ലെ EXC/3687/2021-XFB1 കത്ത് പ്രകാരം റീ അപ്രോപ്രിയേഷൻ വഴി തുക ലഭ്യമാക്കുന്നതിന് എക്സൈസ് കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു. സാമ്പത്തിക വർഷത്തിന്റെ (2022-2023) അവസാനഘട്ടത്തിലായതിനാൽ റീ അപ്രോപ്രിയേഷൻ സംബന്ധിച്ച നിർദ്ദേശം അംഗീകരിക്കാൻ ആകില്ലെന്നും തുടർ ചെലവുകൾ അടുത്ത സാമ്പത്തിക വർഷത്തെ (2023-24) ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും വഹിക്കാവുന്നതാണെന്നും എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു.

ശിപാർശ (ഖണ്ഡിക നമ്പർ 13)

2039-00-001-99-05-2 —വൈദ്യുതി ചെലവ്

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വൈദ്യുതിചെലവ് പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2023 വരെ 78.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. EXC/2943/2022-XFB2 dated 27-12-2022 കത്ത് പ്രകാരം അധികധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടതിനാൽ 17-2-2023-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) No. 1181/2023/Fin. പ്രകാരം 2039-00-001-99-05-02 ശീർഷകത്തിൽ 13,00,000 രൂപയും EXC/2943/2022-XFB1 dated 16-2-2023 കത്ത് പ്രകാരം റീ അപ്രോപ്രിയേഷൻ മുഖേന 9-3-2023-ലെ G.O.(Rt) No. 1743/2023/Fin. പ്രകാരം 5,00,000 രൂപയും സബ്ജക്ട് കമ്മിറ്റി ശിപാർശ പരിഗണിച്ച് സർക്കാർ അനുവദിച്ചിട്ടുള്ളതാണ്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 14)</u>

2039-00-001-99-06—<u>വാടക, കരം, നികുതി</u>

നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് അപര്യാപ്തമാകയാൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2023 വരെ 66.38 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. വെള്ളക്കരം, നികുതി എന്നീ ഇനങ്ങളിലായി ബാധ്യത നിലനിൽക്കുന്നതിനാൽ നീക്കിയിരുപ്പ് തുക സീലിംഗ് നിയന്ത്രണം ഒഴിവാക്കി അനുവദിക്കാൻ 20-3-2023 തീയതിയിലെ EXC/3687/2021-XFB1 നമ്പർ കത്ത് മുഖേന ലഭ്യമാക്കുന്നതിന് എക്സൈസ് കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു. സാമ്പത്തിക വർഷത്തിന്റെ (2022-23) അവസാന ഘട്ടത്തിലായതിനാൽ റീ അപ്രോപ്രിയേഷൻ സംബന്ധിച്ച നിർദ്ദേശം അംഗീകരിക്കാൻ ആകില്ലെന്നും തുടർചെലവുകൾ അടുത്ത സാമ്പത്തിക വർഷത്തെ (2023-24) ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും വഹിക്കാവുന്നതാണെന്നും എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു.

<u>ശിപാർശ (ഖണ്ഡിക നമ്പർ 15)</u>

2039-00-001-99-15 —<u>രഹസ്യ സേവന ചെലവുകൾ</u>

എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2023 വരെ 13.02 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ബജറ്റ് വിഹിതത്തിലെ നീക്കിയിരുപ്പ് തുക വിനിയോഗിക്കാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 16)</u>

2039-00-001-99-21-2—<u>മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. മേൽസാഹചര്യത്തിൽ ഈ ശീർഷകത്തിലേക്ക് 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2023-വരെ 40.62 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. നീക്കിയിരുപ്പ് തുക സീലിംഗ് നിയന്ത്രണത്തിലായതു കൊണ്ട് സമിതി ശിപാർശ പ്രകാരം EXC/2643/2022 dated 27-12-2022 കത്ത് മുഖേന അധികധനാഭ്യർത്ഥന വഴി തുക ലഭ്യമാക്കുന്നതിന് എക്സൈസ് കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ തുക ലഭ്യമായിരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കാനാവില്ലെന്ന് അറിയിക്കുകയുണ്ടായി. EXC/3687/2021-XFB1 dated 16-12-2023, EXC/3687/2021-XFB1 dated 20-3-2023 കത്തുകൾ മുഖേന റീ അപോപ്രിയേഷൻ വഴി തുക ലഭ്യമാക്കുന്നതിന് എക്സൈസ് കമ്മീഷണർ ആവശ്യപ്പെട്ടെങ്കിലും, സാമ്പത്തിക വർഷത്തിന്റെ (2022-2023) അവസാന ഘട്ടത്തിലായതിനാൽ റീ അപ്രോപ്രിയേഷൻ സംബന്ധിച്ച നിർദ്ദേശം അംഗീകരിക്കാൻ ആകില്ലെന്നും തുടർ ചെലവുകൾ അടുത്ത സാമ്പത്തിക വർഷത്തെ (2023-24) ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും വഹിക്കാവുന്നതാണെന്നും എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 17)</u>

2039-00-001-99-34-3—മറ്റു <u>ചെലവുകൾ - മറ്റിനം</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2023-വരെ 32.11 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണമുള്ളതിനാൽ ഓഫീസ് ചെലവുകൾ മിതമായ രീതിയിൽ നിർവ്വഹിച്ചതിനാൽ സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 18)</u>

2039-00-001-99-45 — <u>പി.ഒ.എൽ</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ പി.ഒ.എൽ ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിൽ ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2023-വരെ 247.49 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. EXC/2943/2022-XFB2 dated 27-12-2022 കത്ത് പ്രകാരം അധികധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടതിനാൽ 17-2-2023-ലെ G.O.(Rt) No. 1181/2023/Fin.നമ്പർ ഉത്തരവ് പ്രകാരം 2039-00-001-99-45 ശീർഷകത്തിൽ 50,00,000 രൂപ സബ്ജക്ട് കമ്മിറ്റി ശിപാർശ പരിഗണിച്ച് സർക്കാർ അനുവദിച്ചിട്ടുള്ളതാണ്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 19)</u>

2039-00-001-98-01-4 —<u>റേഞ്ച് ഓഫീസുകൾ - മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക പൂർണ്ണമായും മാറി നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ, 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2023-വരെ 27.61 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. മെഡിസെപ്പ് നിലവിൽ വന്നതിനാൽ അധിക തുക ആവശ്യമായി വരാത്തസാഹചര്യത്തിൽ സമിതി ശിപാർശപ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 20)

2039-00-001-98-05-2 —ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

പുതിയ ഓഫീസുകൾ അനുവദിച്ച സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് പൂർണ്ണമായും അടക്കുന്നതിന് ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2023-വരെ 43.79 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം പൂർണ്ണമായി ചെലവഴിക്കാൻ കഴിയാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 21)

2039-00-001-98-05-4—മറ്റിനങ്ങൾ

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2023-വരെ 17.26 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം പൂർണ്ണമായി ചെലവഴിക്കാൻ കഴിയാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 22)

2039-00-001-98-06 — വാടക, കരം നികുതി

എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2023-വരെ 82.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. വെള്ളക്കരം, നികുതി എന്നീ ഇനങ്ങളിലായി ബാധ്യത നിലനിൽക്കുന്നതിനാൽ നീക്കിയിരുപ്പ് തുക സീലിംഗ് നിയന്ത്രണം ഒഴിവാക്കി അനുവദിക്കുവാനും ധനപുനഃവിനിയോഗം വഴി അനുവദിക്കുവാനും 16-2-2023 തീയതിയിലെ EXC/3687/2021-XFB1 നമ്പർ കത്ത് മുഖേന തുക ലഭ്യമാക്കുന്നതിന് എക്സൈസ് കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ തുക ലഭ്യമായിരുന്ന സാഹചര്യത്തിൽ എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ അംഗീകരിക്കാൻ ആവില്ലെന്ന് അറിയിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 23)

2039-00-001-98-21-2 —മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2023-വരെ 28.99 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സമിതി ശിപാർശ പ്രകാരം EXC/3687/2021-XFB1 dated 16-2-2023 കത്ത് മുഖേന നീക്കിയിരിപ്പ് തുക സീലിംഗ് നിയന്ത്രണം ഒഴിവാക്കി അനുവദിക്കുന്നതിനും റീ അപ്രോപ്രിയേഷൻ വഴി തുക ലഭ്യമാക്കുന്നതിനും എക്സൈസ് കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ തുക ലഭ്യമായിരുന്ന സാഹചര്യത്തിൽ എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ അംഗീകരിക്കാൻ ആവില്ലെന്ന് അറിയിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 24)

2039-00-001-98-34-3 —മറ്റു ചെലവുകൾ -മറ്റിനം

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ടി ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2023-വരെ 9.65 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സമിതി ശിപാർശ പ്രകാരം EXC/3687/2021-XFB1 dated 16-2-2023 കത്ത് മുഖേന നീട്ടിയിരിപ്പ് തുക സീലിംഗ് നിയന്ത്രണം ഒഴിവാക്കി അനുവദിക്കുന്നതിനും റീ അപ്രോപ്രിയേഷൻ വഴി തുക ലഭ്യമാക്കുന്നതിനും എക്സൈസ് കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ തുക ലഭ്യമായിരുന്ന സാഹചര്യത്തിൽ എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ അംഗീകരിക്കാൻ ആവില്ലെന്ന് അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 25)</u>

2039-00-001-98-45 —<u>പി.ഒ.എൽ</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഇന്ധന ചെലവുകൾക്കായി നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2023-വരെ 251.30 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. EXC/2643/2022-XFB2 dated 27-12-2022 കത്ത് പ്രകാരം അധികധനാഭ്യർത്ഥന മുഖേന തുക ആവശ്യപ്പെട്ടതിനാൽ 17-2-2023-ലെ G.O.(Rt)No. 1181/ 2023/Fin നമ്പർ ഉത്തരവ് പ്രകാരം 2039-00-001-98-45 ശീർഷകത്തിൽ 50,00,000 രൂപ സബ്ജക്ട് കമ്മിറ്റി ശിപാർശ പരിഗണിച്ച് സർക്കാർ അനുവദിച്ചിട്ടുള്ളതാണ്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 26)</u>

2039-00-001-97-21-2—<u>വിജിലൻസ് വിഭാഗം -മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിജിലൻസ് ഓഫീസിലെ വാഹനങ്ങളുടെ സംരക്ഷണം അറ്റകുറ്റപ്പണി എന്നിവ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ, 50,000 രൂപ ടി ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2023-വരെ 62,303 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സമിതി ശിപാർശ പ്രകാരം EXC/3687/2021-XFB1 dated 16-2-2023 കത്ത് മുഖേന നീക്കിയിരിപ്പ് തുക സീലിംഗ് നിയന്ത്രണം ഒഴിവാക്കി അനുവദിക്കുന്നതിനും റീ അപ്രോപ്രിയേഷൻ വഴി തുക ലഭ്യമാക്കുന്നതിനും എക്സൈസ് കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ തുക ലഭ്യമായിരുന്ന സാഹചര്യത്തിൽ എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ അംഗീകരിക്കാൻ ആവില്ലെന്ന് അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 27)</u>

2039-00-001-97-45 —<u>പി.ഒ.എൽ</u>

വിജിലൻസ് ഓഫീസിലെ ഇന്ധന ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2023-വരെ 1.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സമിതി ശിപാർശ പ്രകാരം EXC/3687/2021-XFB1 dated 16-2-2023 കത്ത് മുഖേന റീ അപ്രോപ്രിയേഷൻ വഴി തുക ലഭ്യമാക്കുന്നതിന് എക്സൈസ് കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ തുക ലഭ്യമായിരുന്ന സാഹചര്യത്തിൽ എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ അംഗീകരിക്കാൻ ആവില്ലെന്ന് അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 28)</u>

2039-00-001-94-34-3—<u>എക്സൈസ് വകുപ്പിന്റെ നവീകരണം - മറ്റു ചെലവുകൾ മറ്റിനം</u>

എക്സൈസ് സബ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ-വാഹനങ്ങൾ എന്നിവ വാങ്ങൽ, ഇ-ഗവേണൻസ്, ഫീൽഡ് ഓഫീസുകളുടെ നവീകരണം തുടങ്ങിയ വിവിധ പദ്ധതികളിലൂടെ വകുപ്പിന്റെ നവീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടാനുള്ള

നടപടികൾ സ്വീകരിക്കേണ്ടതായിട്ടുള്ളതിനാൽ നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ 6.57 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും അധികമായിധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴിവകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2023-വരെ പദ്ധതിയേതര ഇനത്തിൽ 80.05 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം സീലിംഗിൽ ആയതിനാൽ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

പദ്ധതി വിഹിതത്തിൽ 579.63 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 29)</u>

2039-00-001-88—<u>വിമുക്തി</u>

കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ (വിമുക്തി) പദ്ധതി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി 20.63 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2023 വരെ 6.91 കോടി രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

2022-23 സാമ്പത്തിക വർഷത്തേയ്ക്ക് 2039-00-001-88 വിമുക്തി എന്ന ശീർഷകത്തിൽ 8-7-2022 തീയതിയിലെ സ.ഉ.(കൈ)നം.48/2022/നികുതി ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയപ്പോൾ 9.90 കോടി രൂപ അനുവദിച്ചിരുന്നു കൂടാതെ 2022 ഒക്ടോബർ 2 മുതൽ ആരംഭിച്ച ലഹരി വരുദ്ധ ബോധവൽക്കരണ ക്യാമ്പയിന്റെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾക്കായി അധിക തുക അനുവദിക്കാനായി EXC/4528/2022-XFB1 dated 28-9-2022 കത്ത് പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക

ആവശ്യപ്പെട്ടതിനാൽ 16-11-2022-ലെ G.O.(Rt)No.7728/2022/Fin നമ്പർ ഉത്തരവ് പ്രകാരം 2039-00-001-88 ശീർഷകത്തിൽ 1,00,00,000 രൂപയും സബ്ജക്ട് കമ്മിറ്റി ശിപാർശ പരിഗണിച്ച് സർക്കാർ അനുവദിച്ചിട്ടുള്ളതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ 30)

2039-00-001-87 —സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം

സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി പ്രസ്തുത ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം തികച്ചും അപര്യാപ്തമാകയാൽ അധികമായി 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2023-വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 31)

2039-00-001-86-04-1— എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗം- യാത്രാ ചെലവുകൾ- യാത്രാബത്ത

എക്സൈസ്-ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ യാത്രാബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 31-3-2023-വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. സമിതി ശിപാർശ പ്രകാരം EXC/2643/2022-XFB2 dated 26-7-2022 കത്ത് മുഖേന ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ലഭ്യമാക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച നിർദ്ദേശത്തിൽ അധിക തുകയുടെ ആവശ്യകത എന്തെന്ന് വ്യക്തമാക്കുന്ന പ്രസക്തമായ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി വിവരം എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു.

ശിപാർശ (ഖണ്ഡിക നമ്പർ 32)

2039-00-001-86-04-2—സ്ഥലംമാറ്റബത്ത

എക്സൈസ് - ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ 10,000 രൂപഅധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എക്സൈസ് ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി നിലവിൽ അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതം തികയാതെ വന്നതിനാൽ സമിതി ശിപാർശ പ്രകാരം EXC/2643/2022-XFB2 dated 26-7-2022 കത്ത് മുഖേന ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ലഭ്യമാക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച നിർദ്ദേശത്തിൽ അധിക തുകയുടെ ആവശ്യകത എന്തെന്ന് വ്യക്തമാക്കുന്ന പ്രസക്തമായ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി വിവരം എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു.

ശിപാർശ (ഖണ്ഡിക നമ്പർ 33)

2039-00-001-86-21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗത്തിന് വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ടി ശീർഷകത്തിലേക്ക് 10,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2022-വരെ 69,845 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. 22-9-2022-ലെ ECBHQ-11/2022 നമ്പർ കത്ത് പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടതിനാൽ 22-11-2022-ലെ G.O.(Rt)No.7886/2022/Fin നമ്പർ ഉത്തരവ് പ്രകാരം 2039-00-86-21-02 ശീർഷകത്തിൽ 20,000 രൂപയും 9-3-2023-ലെ G.O.(Rt)No.1743/2023/Fin പ്രകാരം റീ അപ്രോപ്രിയേഷൻ മുഖേന 20,000 രൂപയും സബ്ജക്ട് കമ്മിറ്റി ശിപാർശ പരിഗണിച്ച് സർക്കാർ അനുവദിച്ചിട്ടുള്ളതാണ്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 34)</u>

2039-00-001-86-34-3—<u>മറ്റ് ചെലവുകൾ - മറ്റിനം</u>

ടി ശീർഷകത്തിൽ നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 40,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം അധികധനാഭ്യർത്ഥന മുഖേന തുക ആവശ്യപ്പെട്ടതിനാൽ 22-11-2022-ലെ G.O.(Rt)No.7886/2022/Fin നമ്പർ ഉത്തരവ് പ്രകാരം 2039-00-001-86-34-3 ശീർഷകത്തിൽ 5,000 രൂപ അനുവദിച്ചിട്ടുള്ളതാണ്. 31-3-2023 വരെ 14,889 രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 35)</u>

2039-00-001-86-45—<u>പി.ഒ.എൽ</u>

നടപ്പു സാമ്പത്തികവർഷം പി.ഒ.എൽ. ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2023-വരെ 1.99 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. EXC/2943/2022-XFB2 dated 27-12-2022 കത്ത് പ്രകാരം അധികധനാഭ്യർത്ഥന മുഖേന തുക ആവശ്യപ്പെട്ടതിനാൽ 17-2-2023-ലെ G.O.(Rt)No.1181/2023/ Fin നമ്പർ ഉത്തരവ് പ്രകാരം 2039-00-001-86-45 ശീർഷകത്തിൽ 50,000 രൂപ സബ്ജക്ട് കമ്മിറ്റി ശിപാർശ പരിഗണിച്ച് സർക്കാർ അനുവദിച്ചിട്ടുള്ളതാണ്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 36)</u>

2039-00-800-96—<u>സംസ്ഥാന എക്സൈസ് അക്കാദമിയുടെയും ഗവേഷണകേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

സംസ്ഥാനത്തെ എക്സൈസ് ജീവനക്കാർക്ക് അടിസ്ഥാന പരിശീലനം, സായുധ പരിശീലനം തുടങ്ങി വിവിധ പരിശീലനങ്ങൾ നൽകുന്നതിനോടനുബന്ധിച്ച് തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാഡമി ആന്റ് റിസർച്ച് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസന

പ്രവർത്തനങ്ങൾക്കായി ടി ശീർഷകത്തിൽ വകയിരുത്തിയിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ അധികമായി 21 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2022-വരെ പദ്ധതി ഇനത്തിൽ 47.93 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. നീക്കിയിരുപ്പ് തുക സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണം നിലനിക്കുന്നതിനാൽ പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ നികുതി-എഫ്3/247/2022-നി.വ. തീയതി 23-6-2023. 10 മുതൽ 36 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി(എഫ്) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 26-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ധനകാര്യ വകുപ്പ്**

ശിപാർശ (ഖണ്ഡിക നമ്പർ 37)

2049 - 01- 200- 84—സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2018 സെപ്റ്റംബർ മാസം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നെടുത്ത വായ്പയിന്മേലുള്ള പലിശ

സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നും 2018 സെപ്റ്റംബർ മാസമെടുത്ത വായ്പയിന്മേലുള്ള പലിശയിനത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ 80 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴിവകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

സ്വീകരിച്ച നടപടി

2022-23 ലെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 3,57,60,000 രൂപ (മൂന്ന് കോടി അൻപത്തി ഏഴ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) വകയിരുത്തിയിരുന്നു. നടപ്പ് സാമ്പത്തിക വർഷം ആഗസ്റ്റ് മാസം വരെ 3,33,43,083 രൂപയുടെ ചെലവ് വന്നിട്ടുണ്ട്. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 20-8-2022 തീയതിയിലെ സ.ഉ. (സാധാ)നം.5895/2022/ ധന.പ്രകാരം 2,00,00,000 രൂപ (2 കോടി രൂപ മാത്രം) അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ച് ഉത്തരവായിട്ടു ണ്ട്.

[സർക്കാർ കത്ത് നമ്പർ 2196480/എച്ച്.ബി.എ 1/198/2022-ധന തീയതി 16-9-2022; ഖണ്ഡിക 37-ലെ ശിപാർശയിന്മേൽ ധനകാര്യ (എച്ച്.ബി.എ) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ 2023 മെയ് 17-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

## ധനാഭ്യർത്ഥന നമ്പർ X -ട്രഷറികളും അക്കൗണ്ടുകളും

## ധനകാര്യ വകുപ്പ്

ശിപാർശ (ഖണ്ഡിക നമ്പർ 38)

2054-00-098- 99-06 —കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-വാടക, കരം, നികുതി

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 9 കാര്യാലയങ്ങളുടെ വാടക നൽകുന്നതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 38 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം RRT ഇനത്തിൽ 25 ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത ഇനത്തിൽ 10,75,000 രൂപ മാത്രമാണ് ഇതു വരെ ലഭ്യമായത്. പ്രസ്തുത തുക ഈ കാര്യാലയത്തിനും മറ്റ് ഉപകാര്യാലയങ്ങൾക്കുമായി നൽകിയിട്ടുണ്ട്. ഇതിലെ ബാക്കി തുകക്കായി ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ തന്നെ ഇനിയും 14,25,000 രൂപ ലഭ്യമാകാനുള്ള സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റി(viii) യുടെ ശുപാർശ പ്രകാരമുള്ള 38 ലക്ഷം രൂപക്കായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ധനാഭ്യർത്ഥന നടത്തിയിട്ടില്ല.

[സർക്കാർ കത്ത് നമ്പർ എസ്റ്റാ-ഡി4/98/2022-ധന,(2195407), തീയതി 18-11-2022. 38-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ധനകാര്യ(എസ്റ്റാ-ഡി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 26-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നമ്പർ 39)

2047-00-103- 87—ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

2022-23 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 18.5 കോടി രൂപ നിരക്കിൽ 12 മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനായി 222 കോടി രൂപയും മുൻവർഷങ്ങളിലെ പ്രതിഫല കുടിശ്ശിക (വൈകി ലഭിച്ച ക്ലെയിമുകൾ, തെറ്റായി രേഖപ്പെടുത്തിയ ക്ലെയിമുകൾ) വിതരണം ചെയ്യുന്നതിനായി 2 കോടി രൂപയും, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ പ്രതിഫലം നൽകാൻ ബാക്കിയുണ്ടായിരുന്ന 2 മാസത്തെ കുടിശ്ശിക തുകയായ 37 കോടി രൂപയും ചേർന്ന തുക

നടപ്പ് സാമ്പത്തിക വർഷം ടി ശീർഷകത്തിൽ ആവശ്യമായി വരുമെന്നതിനാൽ അധികമായി 36 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ 4,34,24,000 രൂപ അധിക ധനാനുമതി മുഖേന സർക്കാർ അനുവദിക്കുകയും ബജറ്റ് വിഹിതമായ 225,00,00,000 രൂപയും ചേർത്തുള്ള തുകയായ 229,34,24,000 രൂപയിൽ 229,30,96,000 രൂപ വിനിയോഗിക്കുകയു ചെയ്തു.

ശിപാർശ (ഖണ്ഡിക നമ്പർ 40)

2047-00-103- 85- 10 —എം.പി.കെ.ബി.വൈ / എസ്.എ.എസ് ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50% ആയ സർക്കാർ വിഹിതവും 31-3-2022 വരെയുള്ള സർക്കാർ വിഹിതത്തിലെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയും മേൽ ശീർഷകത്തിൽ വകയിരുത്തേണ്ടതാണെങ്കിലും നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം വകയിരുത്തേണ്ട വിഹിതത്തെക്കാൾ കുറവായതിനാൽ അധികമായി ടി ശീർഷകത്തിൽ 68.52 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ 68,52,000 രൂപ അധിക ധനാനുമതി മുഖേന സർക്കാർ അനുവദിക്കുകയും ബജറ്റ് വിഹിതമായ 65,00,000 രൂപയും ചേർത്ത് ആകെ 1,33,52,000 രൂപ പൂർണ്ണമായും വിനിയോഗിക്കുകയു ചെയ്തു.

[സർക്കാർ കത്ത് നമ്പർ ഭരണം സി1/42/2023-ധന.(2417245) തീയതി 29-5-2023. 39,40 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യം(ഭരണം-സി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 26-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ധനാഭ്യർത്ഥന നമ്പർ - XVI-പെൻഷനും പലവകയും**

**നികുതി വകുപ്പ്**

ശിപാർശ (ഖണ്ഡിക നമ്പർ 41)

2075-00-103-99-02-08—ഭാഗ്യക്കുറി ടിക്കറ്റ് വില്പന-പ്രചരണ ചെലവുകൾ - പരസ്യ പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

ലോട്ടറിയുടെ മൊത്തം വിറ്റുവരവിന്റെ 1% തുക വരെ പി.ആർ.ഡി. നിരക്കിന് വിധേയമായും ബഡ്ജറ്റ് വിഹിതമനുസരിച്ചും പരസ്യ ചെലവുകൾക്കായി വിനിയോഗിക്കാമെന്നുള്ളതിനാൽ ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ പരസ്യങ്ങൾ

നൽകുന്നതിലേയ്ക്ക് നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ടി ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം "2075-00-103-99-02-08- ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന പരസ്യം, പ്രചാരണം എന്നിവയ്ക്കുള്ള ചെലവുകൾ" എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ 25 കോടി രൂപയും ആകെ ചെലവ് 30.90 കോടി രൂപയുമാണ്.

ബജറ്റ് പ്രൊവിഷനായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചതിനെത്തുടർന്ന് ഫൈനൽ ബാച്ച് **SDG** യിൽ ഉൾപ്പെടുത്തി 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 42)

2075-00-103-94-05-2—സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് -ഓഫീസ് ചെലവുകൾ

വൈദ്യുതി ചെലവ്

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, വികാസ് ഭവൻ, ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനക്സ്, തമ്പാനൂർ എന്നീ ഓഫീസുകളുടെ വൈദ്യുതി ചെലവ് ഇനത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ അധികമായി 2.73 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം "2075-00-103-94-05- ഓഫീസ് ചെലവുകൾ- 02-വൈദ്യുതി ചെലവ്" എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ 2,27,000 രൂപയും ആകെ ചെലവ് 3,25,634 രൂപയുമാണ്.

ബജറ്റ് പ്രൊവിഷനായി അനുവദിച്ച തുക പൂർണ്ണമായും വിനയോഗിച്ച ശേഷം ടി ശീർഷകത്തിൽ 1,10,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 43)

2015-00-103-94-05-03— ടെലിഫോൺ ചെലവ്

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, വികാസ് ഭവൻ, ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനെക്സ്, തമ്പാനൂർ എന്നീ ഓഫീസുകളുടെ ടെലഫോൺ ചെലവ് ഇനത്തിൽ നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ അധികമായി 70,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം "2075-00-103-94-05- ഓഫീസ് ചെലവുകൾ-03- ടെലഫോൺ ചെലവ്" എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ 1,65,000 രൂപയും ആകെ ചെലവ് 2,69,503 രൂപയുമാണ്.

ബജറ്റ് പ്രൊവിഷനായി അനുവദിച്ച തുക പൂർണ്ണമായും വിനയോഗിച്ച ശേഷം ടി ശീർഷകത്തിൽ 2,12,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 44)</u>

2075-00-103-94-06—<u>വാടക, കരം, നികുതി</u>

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനക്സ് പ്രവർത്തിച്ച വരുന്ന കെ.ടി.ഡി.എഫ്.സി ഉടമസ്ഥതയിലുള്ള തമ്പാനൂരിലെ കെട്ടിടത്തിന്റെ വാടക ചെലവ് വഹിക്കുന്നതിനായി 2075-00-103-94 എന്ന ശീർഷകത്തിൽ '06 - വാടക, കരം, നികുതി' എന്ന ഉപശീർഷകം അനുവദിക്കണമെന്നും നടപ്പ സാമ്പത്തിക വർഷത്തെ വാടകയിനത്തിലുള്ള ചെലവും മുൻവർഷത്തെ കുടിശ്ശിക തുകയും നൽകുന്നതിലേയ്ക്കായി ടി ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 26.98 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

**KTDFC** ഉടമസ്ഥതയിലുള്ള തമ്പാനൂരിലെ കെട്ടിടത്തിന്റെ വാടക ചെലവ് വഹിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ 2075-00-103-94-06- വാടക, കരം, നികുതി എന്ന ശീർഷകം അനുവദിക്കുകയും അതിൽ 18,64,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം ടി ശീർഷകത്തിലെ ആകെ ചെലവ് 17,74,055 രൂപയാണ്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 45)</u>

2075-00-103-94-34-3—<u>മറ്റു ചെലവുകൾ- മറ്റിനം</u>

വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെ നവീകരണ പ്രവർത്തനങ്ങൾ, ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സി-ഡിറ്റുമായി കരാറിലേർപ്പെട്ട് പ്രവർത്തിക്കുന്ന സെക്യൂരിറ്റി ഡിസൈൻ ലാബിന്റെ പ്രവർത്തന ചെലവുകൾ എന്നിവ വഹിക്കുന്നതിലേക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം "2075-00-103-94-34- മറ്റു ചെലവുകൾ- 03- മറ്റിനം" എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ 20,00,000 രൂപയും ആകെ ചെലവ് 31,15,887 രൂപയുമാണ്.

ബജറ്റ് പ്രൊവിഷനായി അനുവദിച്ച തുക പൂർണ്ണമായും വിനയോഗിച്ച ശേഷം ടി ശീർഷകത്തിൽ 14,34,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 46)

2075-00-103-93-97—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ- വാഹനങ്ങളുടെ വാടക

ഭാഗ്യക്കുറി ജില്ല/സബ് ഓഫീസുകളിലെ ഉപയോഗത്തിനായി കരാർ അടിസ്ഥാനത്തിൽ എടുക്കുന്ന വാഹനങ്ങളുടെ വാടക നൽകുന്നതിലേയ്ക്കായി ടി ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി 4.31 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം "2075-00-103-93-97-വാഹനങ്ങളുടെ വാടക" എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ 13,69,000 രൂപയും ആകെ ചെലവ് 17,25,173 രൂപയുമാണ്.

ബജറ്റ് പ്രൊവിഷനായി അനുവദിച്ച തുക പൂർണ്ണമായും വിനയോഗിച്ച ശേഷം ടി ശീർഷകത്തിൽ 6,20,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 47)

2075-00-103-92-04-1—സംസ്ഥാന ഭാഗ്യക്കുറിയുടെ റീജണൽ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം - യാത്രാ ചെലവുകൾ- യാത്രാ ബത്ത

എറണാകുളം റീജണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസിലെ ജീവനക്കാരുടെ യാത്രാചെലവുകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷം 8.5 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 94,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം "2075-00-103-92-04-യാത്രാചെലവുകൾ-1-യാത്രാബത്ത" എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ 7,56,000 രൂപയും ആകെ ചെലവ് 12,55,335 രൂപയുമാണ്.

ബജറ്റ് പ്രൊവിഷനായി അനുവദിച്ച തുക പൂർണ്ണമായും വിനയോഗിച്ച ശേഷം ടി ശീർഷകത്തിൽ 5,00,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 48)

2075-00-103-92-06—വാടക, കരം നികുതി

എറണാകുളം റീജണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിന്റെ വാടകയിനത്തിൽ നടപ്പു സാമ്പത്തിക വർഷം 56 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽടി ശീർഷകത്തിൽ നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ അധികമായി 19.62 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം "2075-00-103-92-06-വാടക,കരം, നികുതി എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ 36,38,000 രൂപയും ആകെ ചെലവ് 43,79,999 രൂപയുമാണ്.

ബജറ്റ് പ്രൊവിഷനായി അനുവദിച്ച തുക പൂർണ്ണമായും വിനയോഗിച്ച ശേഷം ടി ശീർഷകത്തിൽ 7,42,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 49)

2075-00-103-90-04-1—കോഴിക്കോട് ഇന്റേണൽ ഓഡിറ്റ് വിംഗ് ഓഫീസ്- യാത്രാ ചെലവുകൾ - യാത്രാ ബത്ത

കോഴിക്കോട് ഇന്റേണൽ ഓഡിറ്റ് ഓഫീസിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം 4.5 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 2.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം "2075-00-103-90-04-യാത്രാ ചെലവുകൾ-1-യാത്രാബത്ത എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ 2,00,000 രൂപയും ആകെ ചെലവ് 1,48,067 രൂപയുമാണ്.

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊവിഷൻ കോഴിക്കോട് ഇന്റേർണൽ ഓഡിറ്റ് ഓഫീസിലെ ജീവനക്കാരുടെ യാത്രാബത്തയിനത്തിലെ ചെലവ് വഹിക്കുന്നതിന് പര്യാപ്തമായിരുന്നു.

ശിപാർശ (ഖണ്ഡിക നമ്പർ 50)

2075-00-103-90-05-2—ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ്

കോഴിക്കോട് ഇന്റേണൽ ഓഡിറ്റ് ഓഫീസിന്റെ വൈദ്യുതി ചെലവ് വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 7000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം "2075-00-103-90-05-ഓഫീസ് ചെലവുകൾ-02-വൈദ്യുതി ചെലവ്" എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ 18,000 രൂപയും ആകെ ചെലവ് 23,176 രൂപയുമാണ്.

ബജറ്റ് പ്രൊവിഷനായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം ടി ശീർഷകത്തിൽ 21,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 51)</u>

2075-00-103-90-06—<u>വാടക, കരം, നികുതി</u>

നടപ്പുസാമ്പത്തിക വർഷം കോഴിക്കോട് ഇന്റേണൽ ഓഡിറ്റ് ഓഫീസിന്റെ വാടകയിനത്തിൽ 5.08 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 1.35 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം 2075-00-103-90-06-വാടക, കരം, നികുതി എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ 3,73,000 രൂപയും ആകെ ചെലവ് 5,80,914 രൂപയുമാണ്.

ബജറ്റ് പ്രൊവിഷനായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം ടി ശീർഷകത്തിൽ 2,54,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ TAXES-H1/270/2022-TAXES തീയതി 3-6-2023. 41 മുതൽ 51 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി(എച്ച്) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 26-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ 52)</u>

2075-00 -795-98—<u>വീട് വായ്പ എഴുതിത്തള്ളൽ</u>

ഭവനനിർമ്മാണ വായ്പ എഴുതിത്തള്ളൽ തുക 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ഈ ഇനത്തിൽ അപേക്ഷകരുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും ടി ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ അധികമായി 18.90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 21.10 ലക്ഷം രൂപയാണ്. ടി ശീർഷകത്തിൽ നാളിതുവരെ ആകെ 19,05,527 രൂപ എഴുതിത്തള്ളുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. നിലവിലെ ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത തുക, അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

[സർക്കാർ കത്ത് നമ്പർ 2196480/എച്ച്.ബി.എ 1/198/2022-ധന തീയതി 16-9-2022; ഖണ്ഡിക 52-ലെ ശിപാർശയിന്മേൽ ധനകാര്യ (എച്ച്.ബി.എ) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ 2023 മെയ് 17-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നമ്പർ 54)

2075-00 -800-78—വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം

വിവിധ ധനസഹായ കുടിശ്ശികകൾ കൊടുത്തുതീർക്കുന്നതിനും നടപ്പു സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികൾക്കുമായി ടി ശീർഷകത്തിലേക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആകയാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ സോഷ്യൽ വെൽഫയർ ഗ്രാന്റ് ഇനത്തിൽ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആയത് അനുവദിക്കുകയുണ്ടായില്ല.

[സർക്കാർ കത്ത് നമ്പർ റവ-എഫ്2/299/2022-റവ. തീയതി 27-4-2023; ഖണ്ഡിക 54-ലെ ശിപാർശയിന്മേൽ റവന്യൂ (എഫ്) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ 26-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**സൈനികക്ഷേമ വകുപ്പ്**

ശിപാർശ (ഖണ്ഡിക നമ്പർ 55)

2075-00 -800-52—തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകം

പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള യുദ്ധസ്മാരകത്തിന്റെ മാതൃകയ്ക്ക് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അടിസ്ഥാന പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുന്നതിലേയ്ക്കായി ടി ശീർഷകത്തിൽ അധികമായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

19-9-2022-ലെ സ.ഉ.(കൈ) 38/2022/സൈ.ക്ഷേ.വ. ഉത്തരവ് പ്രകാരം യുദ്ധസ്മാരകത്തിന്റെ ഡിസൈന് സർക്കാർ അംഗീകാരം നൽകിയിരുന്നു. തുടർന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം പ്രസ്തുത നിർമ്മാണ പ്രവൃത്തിയ്ക്ക് 8,08,70,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഫയൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

[സർക്കാർ കത്ത് നമ്പർ SW3/93/2022/SWD തീയതി 28.04.2023; ഖണ്ഡിക 55-ലെ ശിപാർശയിന്മേൽ സൈനിക ക്ഷേമ (എ) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ 26/07/2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**പൊതുഭരണ വകുപ്പ്**

ശിപാർശ (ഖണ്ഡിക നമ്പർ 60)

7610-00-800-93-02—അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർക്കുള്ള മറ്റ് മുൻകൂറുകൾ - അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർക്ക് വൈദ്യ ശുശ്രൂഷയ്ക്ക് വേണ്ടിയുള്ള പലിശയില്ലാത്ത വായ്പ.

എ.ഐ.എസ് (മെഡിക്കൽ ഫെസിലിറ്റീസ്) സ്കീം 2020 പ്രകാരം, സംസ്ഥാനത്തെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കും അവരുടെ കുടുംബാംഗങ്ങൾക്കും എംപാനൽഡ് ആശുപത്രികളിൽ ചികിത്സ തേടുന്നതിനുള്ള മുൻകൂർ വായ്പയ്ക്കായുള്ള അപേക്ഷകൾ ലഭിക്കുവാൻ സാധ്യതയുള്ള സാഹചര്യത്തിൽ നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 2.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗ/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23-ലെ ബഡ്ജറ്റിൽ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർക്ക് വൈദ്യശുശ്രൂഷയ്ക്ക് വേണ്ടിയുള്ള പലിശയില്ലാത്ത വായ്പകൾക്കായി 7610-00-800-93(02) എന്ന ശീർഷകത്തിൽ 7,50,000 രൂപ (ഏഴര ലക്ഷം രൂപ മാത്രം) വകയിരുത്തിയിരുന്നതിൽ 4,50,000 രൂപ (നാലര ലക്ഷം രൂപ മാത്രം) ബഡ്ജറ്റ് വിഹിതമായി അവശേഷിക്കുകയും സാമ്പത്തിക വർഷം പൂർത്തിയായ മുറയ്ക്ക് ടി തുക സറണ്ടർ ചെയ്യുന്നതിനുള്ള നിർദ്ദേശം ധനവകുപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്. ചികിത്സാ മുൻകൂറുകൾക്കായി 3,00,000 രൂപയുടെ ഒരു അപേക്ഷ മാത്രമാണ് ലഭ്യമായത് എന്നതിനാൽ സമിതി റിപ്പോർട്ടിൽ ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക 2022-23 സാമ്പത്തിക വർഷം ആവശ്യമായി വന്നില്ലെന്നുള്ള വിവരം അറിയിക്കുന്നു.

[സർക്കാർ കത്ത് നമ്പർ എ.ഐ.എസ്-സി2/182/2022/പൊ.ഭ.വ തീയതി 3-5-2023; ഖണ്ഡിക 60-ലെ ശിപാർശയിന്മേൽ പൊതുഭരണ (എ.ഐ.എസ്-സി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ 26-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

## ധനാഭ്യർത്ഥന നമ്പർ XLVI – സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

## ധനകാര്യ വകുപ്പ്

ശിപാർശ (ഖണ്ഡിക നമ്പർ 61)

2235-60-110-99-01-4—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് - ശമ്പളം -മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള 5 ലക്ഷം രൂപയുടെ ക്ലെയിം അപേക്ഷകൾ കുടിശ്ശികയായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള തുക ചെലവഴിച്ചശേഷം അധിക ധനാനുമതിയ്ക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിച്ച് നൽകുന്നതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ 62)

2235-60-110-99-05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ഓഫീസ് നവീകരണത്തിനുള്ള ചെലവ്, പാസ്ബുക്ക്, പോളിസി സർട്ടിഫിക്കറ്റ് എന്നിവയുടെ അച്ചടി ചെലവ് എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ അധികമായി 60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

G.O(Rt) No. 7170/2022/Fin. Dated 25-10-2022 പ്രകാരം 18,01,000 രൂപ അധിക ധനാനുമതി നൽകി.

ശിപാർശ (ഖണ്ഡിക നമ്പർ 63)

2235-60-110-99-06—വാടക - കരം, നികുതി

കെ. എസ്.ഐ.ഡി. യും കെ.ടി.ഡി.എഫ്.സിയുമായുള്ള കരാറനുസരിച്ച് 15% വാടക വർദ്ധനവ് വരുമെന്നതിനാൽ പ്രസ്തുത അധികചെലവുകൾ വഹിക്കുന്നതിനായി മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിയ്ക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിച്ച് നൽകുന്നതാണ്.

<u>ശിപാർശ(ഖണ്ഡിക നമ്പർ 64)</u>

2235-60-110-98-01-4—<u>ജില്ലാ ഓഫീസുകൾ - ശമ്പളം - മെഡിക്കൽ-റീ ഇംബേഴ്സ്മെന്റ്</u>

സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ കുടിശ്ശികയായി ട്ടുള്ളതിനാൽ ടി ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിയ്ക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിച്ച് നൽകുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 65)</u>

2235-60-110-98-05-4—<u>ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ</u>

10 ജില്ലകളിൽ പുതിയ 32 തസ്തികകൾ അനുവദിച്ചതിനോടനുബന്ധിച്ച് ഓഫീസുകൾ നവീകരിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്ത ണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

G.O(Rt) No. 4700/2022 Fin. Dated 29-6-2022 പ്രകാരം 37,24,000 രൂപ അധിക ധനാനുമതി നൽകി.

<u>ശിപാർശ (ഖണ്ഡിക നമ്പർ 66)</u>

2235-60-110-98-06—<u>വാടക, കരം, നികുതി</u>

രണ്ട് ജില്ലകളിലെ ഓഫീസ് കെട്ടിടം മാറുന്നതിനാലും വാർഷിക വാടക വർദ്ധനവ് മൂലമുണ്ടാകുന്ന അധിക ചെലവുകൾ വഹിക്കുന്നതിനും ടി ശീർഷകത്തിൽ നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിയ്ക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിച്ച് നൽകുന്നതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ 67)

2235-60-110-97—സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്- കമ്പ്യൂട്ടർവൽക്കരണം

സോഫ്റ്റ്‌വെയർ അപ്ഗ്രേഡ് ചെയ്യുന്നതിനും വാർഷിക പരിപാലന കരാറിനും പുതിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും കാലഹരണപ്പെട്ടവ മാറ്റി സ്ഥാപിക്കുന്നതിനും ഒപ്റ്റിക്കൽ ഫൈബർ കണക്ടിവിറ്റി ചാർജ്ജുകൾ എന്നിവയ്ക്കുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിയ്ക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിച്ച് നൽകുന്നതാണ്.

[സർക്കാർ കത്ത് നമ്പർ എസ്റ്റാ-ഡി4/98/2022-ധന(2195407) തീയതി 18-11-2022; ഖണ്ഡിക 61, 62, 63, 64, 65, 66, 67 ശിപാർശയിന്മേൽ ധനകാര്യ(എസ്റ്റാ-ഡി) വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികകൾ 2023 മേയ് 17-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു]

**പൊതു ശിപാർശകൾ**

**നികുതി വകുപ്പ്**

ശിപാർശ (ഖണ്ഡിക നമ്പർ 68)

നിരോധിത ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും വർദ്ധിച്ചു വരുന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തി. ഒരാൾ ലഹരി വസ്തുക്കളുമായി പിടിക്കപ്പെട്ടാൽ അയാൾ കൈവശം വച്ചിട്ടുള്ള ലഹരി വസ്തുവിന്റെ അളവ് നിയമാനുസൃതമായ പരിധിയിൽ കുറവാണെങ്കിൽ അയാൾക്ക് ലഭിക്കുന്ന ശിക്ഷയും അയാളിൽ നിന്ന് ഈടാക്കുന്ന പിഴയും വളരെ തുച്ഛമാണെന്ന് സമിതി വിലയിരുത്തി. മേൽ സാഹചര്യത്തിൽ വ്യക്തികൾക്ക് കൈവശംവയ്ക്കാവുന്ന ലഹരി വസ്തുക്കളുടെ നിയമാനുസൃതമായ പരിധി പരമാവധി കുറയ്ക്കുന്നതിനും, ആയതിലേയ്ക്കായി ചുമത്തുന്ന ശിക്ഷയും ഈടാക്കുന്ന പിഴയും പരമാവധി ഉയർത്തുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേന്ദ്ര നിയമമായ Narcotics Drugs and Psychotropic Substances Act (NDPS) 1985 പ്രകാരമാണ് സംസ്ഥാനത്ത് മയക്കമരുന്നുകളുമായി ബന്ധപ്പെട്ട കേസുകളിൽ നടപടികൾ സ്വീകരിക്കുന്നത്. മേൽ നിയമപ്രകാരം ഓരോ മയക്കമരുന്നുകളുടേയും Small Quantity, Commercial Quantity അളവുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. Small Quantity അളവിൽ മയക്കമരുന്നുകൾ കൈവശം വയ്ക്കുന്നവർക്കും Commercial Quantity അളവിൽപ്പെട്ട മയക്കമരുന്നുകൾ കൈവശം വയ്ക്കുന്നവർക്കും ഇതിന് രണ്ടിനും ഇടയിലുള്ള അളവിൽ മയക്കമരുന്നുകൾ കൈവശം വയ്ക്കുന്നവർക്കും വ്യത്യസ്തമായ ശിക്ഷകളാണ് നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.

Small Quantity അളവിൽപ്പെട്ട മയക്കമരുന്നുകൾ കൈവശം വയ്ക്കുന്നത് ജാമ്യം ലഭിക്കാവുന്ന കുറ്റമാണ്. നിയമത്തിന്റെ ഈ ആനുകൂല്യം മുതലെടുത്ത് ജാമ്യത്തിൽ ഇറങ്ങുന്ന കുറ്റവാളികൾ ഇതേ കുറ്റകൃത്യം വീണ്ടും ആവർത്തിക്കാതിരിക്കുന്നതിന് വിവിധ മയക്കമരുന്നുകളുടെ Small Quantity ആയി വിജ്ഞാപനം ചെയ്തിട്ടുള്ള അളവ് പരിഷ്ക്കരിക്കുന്നതിന് കേന്ദ്രസർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 155/ജി2/2022-നി.വ തീയതി 27-10-2022; ഖണ്ഡിക 68-ലെ ശിപാർശയിന്മേൽ നികുതി (ജി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 2023 മെയ് 17-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ 69)</u>

ശമ്പളം/ഓഫീസ് ചെലവുകളിന്മേൽ ചെറിയ തുകകൾ അധികമായി ആവശ്യമായി വരുന്നപക്ഷം ധനപുനഃവിനിയോഗം മുഖേന വകുപ്പുകൾക്ക് തന്നെ അത് പരിഹരിക്കാമെന്നിരിക്കെ സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ വകുപ്പുകളുടെ ഭാഗത്തുനിന്ന് വളരെ തുച്ഛമായ അധിക തുക ലഭ്യമാക്കാനാവശ്യപ്പെടുന്ന പ്രവണത സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവണത ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശിപാർശ നടപ്പിലാക്കുന്നതിനായി 3-9-2022-ൽ പിഎഡി-ബി2/42/2022-പിഎഡി എന്ന നമ്പർ സർക്കുലർ മുഖേന സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ പിഎഡി-ബി2/42/2022/പിഎഡി തീയതി 13-10-2022; ഖണ്ഡിക 69-ലെ ശിപാർശയിന്മേൽ പാർലമെന്ററികാര്യ (ബി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 2023 മെയ് 17-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**അദ്ധ്യായം II**

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ചുവടെ ചേർക്കുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടിപത്രിക ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഖണ്ഡിക | വകുപ്പ് |
|---|---|---|
| 1 | 1 | നികുതി വകുപ്പ് |
| 2 | 53 | പൊതുഭരണ(ന്യൂനപക്ഷ ക്ഷേമം) |
| 3 | 56,57,58 | ആസൂത്രണ സാമ്പത്തിക കാര്യം |
| 4 | 59 | ധനകാര്യം |

തിരുവനന്തപുരം,
2023 ജൂലൈ 26.

**കെ. എൻ. ബാലഗോപാൽ,**
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി VIII.